(ബി) മൂന്നുവർഷത്തിൽ കൂടുതൽ സർവ്വീസുണ്ടായിരുന്നിട്ടും സ്ഥിരപ്പെടുത്താത്തവർ എത്ര ;

(സി) അവരിൽ സ്ത്രീകൾ എത്ര ; പട്ടികജാതി/പട്ടികവർഗ്ഗക്കാർ എത്ര ;

(ഡി) പകരക്കാരായ കോർപ്പറേഷൻ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ സ്ഥിരം നിയമനം കിട്ടേണ്ട റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ആരുംതന്നെ താൽക്കാലിക ജീവനക്കാർ ഇല്ല. എന്നാൽ സ്ഥിരപ്പെടുത്തിയിട്ടില്ലാത്തതായി കണ്ടിജൻസി വിഭാഗത്തിൽ പകരക്കാരായി നിയമിക്കുന്നതിന് 331 പേരുണ്ട്.

(ബി) 331 പകരം ജോലിക്കാർ ഉണ്ട്.

(സി) അവരിൽ 80 സ്ത്രീകളും 38 പട്ടികജാതി/പട്ടികവർഗ്ഗക്കാരും മുണ്ട്.

(ഡി) പകരക്കാരെ സീനിയോരിറ്റി അടിസ്ഥാനത്തിൽ വേക്കൻസി വരുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തി വരികയാണ്.

പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കാൻ നടപടി

159 [207] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി വിദ്യാഭ്യാസം നടപ്പു വിദ്യാഭ്യാസ വർഷത്തിൽ സൗജന്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുമൂലം ഖജനാവിന് ഉണ്ടാകാവുന്ന ബാദ്ധ്യത എത്രയാണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ത്രിവൽസര എൽ. എൽ. ബി. കോഴ്സ്

160 [208] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ത്രിവൽസര എൽ. എൽ. ബി. കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് നിർത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച് ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിർദ്ദേശം വല്ലതും ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1986-87-ൽ പ്രവേശനം നൽകുന്ന ബാച്ചിനോടെ ഈ കോഴ്സ് നിർത്താനാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ബാർ കൗൺസിലിൻെറ നിർദ്ദേശം പരിഗണിച്ചാണ് മേൽപ്പറഞ്ഞ തീരുമാനം ഗവൺമെൻറ് എടുത്തിട്ടുള്ളത്.

ലോകമലയാള സമ്മേളനത്തിനു നൽകിയ സംഭാവന

161 [208] ശ്രീ. വി. ജെ. തങ്കപ്പൻ :
,, സി. കെ. തങ്കച്ചൻ :
,, എം. ജിനദേവൻ :
,, കെ. മൂസ്സക്കുട്ടി :
,, എ. കെ. പത്മനാഭൻ :
,, സി. ടി. കൃഷ്ണൻ :
,, വി. കേശവൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബർലിനിൽ വച്ചു നടന്ന ലോകമലയാള സമ്മേളനത്തിൻെറ നടത്തിപ്പിലേക്കുവേണ്ടി സർക്കാർ സംഭാവന നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തവരുടെ പേരുകൾ വെളിപ്പെടുത്തുമോ ?

(ഡി) അതിൽ ഗവൺമെൻറ് ചെലവിൽ പങ്കെടുത്തവരാരെല്ലാം ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാനത്തിൻെറ വിവിധ വകുപ്പുകളിൽ നിന്നായി ആകെ ചെലവായ സംഖ്യ എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത സമ്മേളനത്തിൽ വിദ്യാഭ്യാസ മന്ത്രി പങ്കെടുത്തതിനുവന്ന ആകെ ചെലവെന്ത് ;

(ജി) എം. എൽ. എ. മാരെ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുപ്പിച്ചതിൻെറ മാനദണ്ഡം എന്തായിരുന്നു;

(എച്ച്) എം. എൽ. എ. മാർക്ക് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് വേണ്ടിവന്ന ചെലവ് എത്ര രൂപയായിരുന്നു.

(ഐ) പ്രസ്തുത തുക ചെലവാക്കിയത് ഖജനാവിൽനിന്നും ആയിരുന്നുവോ ;

(ജെ) ബർലിൻ സമ്മേളനത്തിൽ പോയവർ ഒരു വിദേശ കമ്പനിയിൽ ടിക്കറ്റ് ബുക്ക് ചെയ്തു എന്ന ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(കെ) ഇതിനുവേണ്ടി സർക്കാരിനു എന്തു തുക ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly